# പതിനഞ്ചാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

08-06-2021

### (7) നിയമസഭാ ചട്ടങ്ങളുടെ മലയാളം തർജ്ജമ

2021 ജൂൺ 8-ാംതീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 2019-ൽ പുതുക്കി പ്രസിദ്ധീകരിച്ച കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ എന്ന പുസ്തകത്തിൽ 'ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല' എന്നാണ് പറയുന്നതെന്നും ചട്ടം 305-ൽ മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണത്തിൽ പറഞ്ഞിട്ടുള്ള 'ആധികാരിക രേഖയല്ല' എന്ന ഭാഗം നീക്കം ചെയ്യണമെന്ന് ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*.

1954 ആഗസ്റ്റ് 31-ാം തീയതി നിലവിൽ വന്ന തിരുവിതാംകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നടപടിച്ചട്ടങ്ങളിൽ നിന്നാണ്

---

നിയമസഭാ നടപടിച്ചട്ടങ്ങൾ രൂപപ്പെട്ടത്. 1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ൽ നിലവിൽ വന്ന ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടിച്ചട്ടങ്ങളായി അംഗീകരിക്കപ്പെട്ടത്. അപ്രകാരം സഭ അംഗീകാരം നൽകിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതിനാലാണ് സഭാചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇംഗ്ലീഷായി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ നാം ഉപയോഗിച്ചുവരുന്നത് ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത വേർഷൻ മാത്രമാണ്; അത് ആധികാരികമാണെന്ന് പറയാനാകില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യമുണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്ന നിയമപരമായ മുന്നറിയിപ്പാണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെയും കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികളുടെയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുമെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിച്ചിരിക്കുന്നു; അതേ

മാതൃകയിൽ നമ്മുടെ സഭാചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക രേഖയായി അംഗീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അപ്രകാരമുള്ള നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ല.